"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണം- സാമൂഹിക സന്നദ്ധസേനയ്ക്ക് നടപ്പ് സാമ്പത്തിക വർഷം (2024-25) വിവിധ പദ്ധതികൾക്കായി വകയിരുത്തിയതിൽ അവസാന ഗഡുവായി അഞ്ച് ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.844/2025/GAD    തീയതി,തിരുവനന്തപുരം, 24-02-2025

---

പരാമർശം:-
1) സ.ഉ(സാധ)നം.2558/2024/പൊഭവ തീയതി 10.06.2024.
2) സ.ഉ(സാധ)നം.3160/2024/പൊഭവ തീയതി 12.07.2024.
3) സ.ഉ(സാധ)നം.5348/2024/പൊഭവ തീയതി 05.12.2024.
4) സാമൂഹിക സന്നദ്ധസേന ഡയറക്ടറുടെ 27.01.2025 ലെ DSS/04/2024-G(AS) നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റിന് നടപ്പ് സാമ്പത്തിക വർഷം (2024-25) വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ (അൻപത് ലക്ഷം രൂപ മാത്രം) 2053-00-094-37-34-3(P) എന്ന ശീർഷകത്തിൽ ബജറ്റിൽ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികൾക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി ഡയറക്ടർക്ക് നൽകിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയത് പ്രകാരം പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ആദ്യ ഗഡുവായി 20,00,000/- രൂപ അനുവദിച്ചു കൊണ്ടും പരാമർശ 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തുടർ പ്രോജക്ടുകൾ ഉൾപ്പടെയുള്ളവയുടെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം 2024-25 സാമ്പത്തിക വർഷം ഇതിനകം ഭരണാനുമതി നൽകിയ സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ആകെ അടങ്കൽ തുക 50% മായി നിജപ്പെടുത്തി 25 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി പരാമർശം 4 പ്രകാരം നൽകുകയുണ്ടായി. ടി സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിനായി ഈ ഇനത്തിലുള്ള ബാക്കി തുകയായ 5,00,000/-(അഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചു നൽകുവാൻ പരാമർശം 4 പ്രകാരം സാമൂഹിക സന്നദ്ധസേന ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റിന് നടപ്പ് സാമ്പത്തിക വർഷം (2024-25) വിവിധ പദ്ധതികൾ പുതുക്കിയ ഭരണാനുമതി പ്രകാരം നടപ്പിലാക്കുന്നതിന് അവസാന ഗഡുവായി ₹5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) 2053-00-094-37-34-3(P) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹിക സന്നദ്ധസേന, അനക്സ് - I, ഗവ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (20.02.2025- ലെ EXP-A2/393/2024/Fin നമ്പർ പ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (അറിവിലേക്കായി)
അണ്ടർ സെക്രട്ടറി,പൊതുഭരണ (ഏകോപനം) വകുപ്പ് ( 3 പകർപ്പുകൾ സഹിതം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
സെക്ഷൻ ഓഫീസർ
Date: 24-02-2025 16:16:10